# ‘അനുദിനം ക്രിസ്തുവിൽ വളരുക’

## ഫിലിപ്പ്യർ 3:12

**“ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് എനിക്കും അത് പിടിക്കാമോ എന്നു വച്ചു പിന്തുടരുന്നതേയുള്ളൂ.”**

അപ്പോസ്തലനായ പൗലോസ് മേൽപറഞ്ഞ വാക്യങ്ങൾ എഴുതുമ്പോൾ ഏത് അവസ്ഥയിൽ ആയിരുന്നു എന്ന് നമുക്ക് ഒന്നു നോക്കാം. പ്രായാധിക്യത്തിൽ റോമിലെ ഒരു ജയിലിൽ ബന്ധനത്തിലായിരിക്കുന്ന പൗലോസ് പറഞ്ഞ വാക്കുകളാണിവ. ദൈവത്താൽ പിടിക്കപ്പെട്ട ശേഷം നാളിതുവരെ ദൈവത്തിനു വേണ്ടി ഓടിയ പൗലോസ് പറയുന്നത് ഇപ്രകാരമാണെങ്കിൽ, നമ്മുടെ ജീവിതത്തിൽ ദൈവത്തെ അറിഞ്ഞതിനു ശേഷമുള്ള മനോഭാവമെന്താണ്? യഥാർഥമായ ദൈവ സ്നേഹം എന്നിൽ ഉള്ളതു കൊണ്ട് പൗലോസിനെ പോലെ ലോക സ്നേഹം ഉപേക്ഷിച്ച്, അവന്റെ നിമിത്തം എല്ലാം ചപ്പും ചവറുമെന്ന് എണ്ണുവാൻ സാധിക്കുന്നുണ്ടോ?

ഓരോ ദിവസവും ഒരു തുടർപ്രക്രിയ എന്ന പോലെ ക്രിസ്തുവിലുള്ള വളർച്ച പ്രാപിക്കാൻ നമുക്കും കഴിയുന്നുണ്ടോ? ഇന്ന് എല്ലാം തികെഞ്ഞവനായി എന്ന ഒരു മനോഭാവം എന്നിൽ ചിലപ്പോഴെങ്കിലും ഉണ്ടാവാറില്ലേ? അങ്ങനെ പറയാൻ യോഗ്യതയുള്ള പൗലോസ് പറയുന്നത് ഞാൻ തികെഞ്ഞവനായിട്ടില്ല എന്നാണ്. ഞാനിന്നും വളരുന്നു, പഠിക്കുന്നു എന്നാണ് പൗലോസ് പറയുന്നത്. ഈ ഒരു മനോഭാവമാണ് നമുക്കും ഉണ്ടാകേണ്ടത്. ഓരോ ദിവസവും അവനിൽ വളരുകയും അവനിൽ നിന്ന് പഠിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ. അതിനു വേണ്ടിയത് താഴ്മയുള്ള ഒരു മനസ്സാണ്, അഹങ്കാരമില്ലാത്ത ഹൃദയമാണ്.

ഞാൻ ആയിരിക്കുന്ന സ്ഥാനത്ത്, ദൈവം എന്നെ ഏൽപിച്ച ഉത്തരവാദിത്തങ്ങൾ എത്ര അധികം ഭംഗിയായി നിർവഹിക്കാൻ സാധിക്കുന്നു എന്നു ചിന്തിച്ചു നോക്കേണം. അതാണ് ദൈവം ആഗ്രഹിക്കുന്നത്. ഓരോ വർഷവും മുന്നോട്ട് പോകുമ്പോൾ ദൈവത്തെ അറിഞ്ഞ ശേഷം എന്റെ സ്വഭാവത്തിൽ, ചിന്തകളിൽ, ബന്ധങ്ങളിൽ, ഇടപാടുകളിൽ അങ്ങനെ ഓരോ മേഖലയിലും ഞാൻ എപ്രകാരം വളർന്നു കൊണ്ടിരിക്കുന്നു, എന്തു മാറ്റം സംഭവിച്ചു എന്നു സ്വയം ശോധന ചെയ്തു നോക്കേണം. എന്നാൽ മാത്രമേ അനുദിനമുള്ള ഈ വളർച്ച സാധ്യമാവൂ. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

2 കൊരിന്ത്യർ 13:3

നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെ തന്നെ പരീക്ഷിപ്പിൻ, നിങ്ങളെ തന്നെ ശോധന ചെയ്വിൻ

സിസ്റ്റർ നിനു ബിനു ബേബി ആലപ്പുഴ 054